## ലാ ഡിപ്പാർട്ടുമെൻറ്.

### പരസ്യം.

നമ്പർ. 7904/57/ലാ (കെ) 2.

തിരുവനന്തപുരം, 1960 ഡിസംബർ 23/1882 പൌഷം 2.

കേരള സംസ്ഥാനനിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 1960 ഡിസംബർ 16-ാം തീയതി പ്രസിഡൻറിന്റെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണരുടെ ഉത്തരവുപ്രകാരം,

പി. നാരായണസ്വാമി,
ലാ സെക്രട്ടറി.

(1960-ലെ 34-ാം ആക്റ്റ്)

## ഷാപ്പുകളേയും വാണിജ്യസ്ഥാപനങ്ങളേയും സംബന്ധിച്ച 1960-ലെ കേരള ആക്റ്റ്.

### ഉള്ളടക്കം.

വകുപ്പുകൾ.

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.

അദ്ധ്യായം 1

പ്രാരംഭം.

2. നിർവ്വചനങ്ങൾ.
3. ഒഴിവുകൾ.
4. ഒഴിവാക്കപ്പെട്ട ആളുകൾക്കോ സ്ഥാപനങ്ങൾക്കോ ആക്റ്റ്, സംബന്ധിപ്പിക്കുവാൻ ഗവണ്മെൻറിനുള്ള അധികാരം.
5. ഒഴിവുകൾ.

അദ്ധ്യായം 2

പ്രവൃത്തിസമയം.

6. പ്രതിദിനപ്രവൃത്തിസമയവും പ്രതിവാര പ്രവൃത്തിസമയവും
7. ജാസ്തിപ്പണിക്കുള്ള അധികവേതനം.
8. വിശ്രമത്തിനുള്ള ഇടസമയം.
9. സമയവ്യാപ്തി.
10. തുറക്കുകയും അടയ്ക്കുകയും ചെയ്യേണ്ടസമയം.
11. ഷാപ്പുകൾ അടയ്ക്കലും പ്രതിവാരപ്രവൃത്തിയൊഴിവു ദിവസങ്ങൾ അനുവദിക്കലും.

അദ്ധ്യായം 3

ഒഴിവുദിവസങ്ങളും അവധിയും.

12. അദ്ധ്യായം സംബന്ധിപ്പിക്കൽ
13. വേതനത്തോടുകൂടിയ വാർഷികാവധി,

വകുപ്പുകൾ.


14. അവധിക്കാലത്തെ വേതനം.
15. തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഇൻസ്പെക്ടർമാർക്കുള്ള അധികാരം.
16. സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.

അദ്ധ്യായം 4

വേതനം.

17. വേതനം കൊടുക്കുന്നതു സംബന്ധിച്ച ആക്റ്റ് സംബന്ധിപ്പിക്കലും അതിന്റെ ഭേദഗതിയും.
18. ഡിസ്മിസ്സ് ചെയ്യുന്നതു സംബന്ധിച്ച നോട്ടീസ്.

അദ്ധ്യായം 5

കുട്ടികളേയും സ്ത്രീകളേയും പ്രവൃത്തിക്കാക്കൽ.

19. കുട്ടികളെ പ്രവൃത്തിക്കാക്കുന്നതു് നിരോധിക്കൽ.
20. സ്ത്രീകളേയും പതിനേഴുവയസ്സിനു താഴെ പ്രായമുള്ള ആളുകളേയും രാത്രി പ്രവൃത്തിക്കാക്കുന്നതു നിരോധിക്കൽ.

അദ്ധ്യായം 6

ആരോഗ്യവും സുരക്ഷിതത്വവും.

21. ശുചിത്വം, വായുസഞ്ചാരവും, വെളിച്ചവും.
22. അഗ്നിബാധയ്ക്കെതിരായ മുൻകരുതൽ.
23. അപ്പീലുകൾ.
24. മുൻവകുപ്പുകൾപ്രകാരമുള്ള ചെലവുകൾ വീതിക്കൽ.

അദ്ധ്യായം 7

നടപ്പാക്കലും പരിശോധനയും.

25. ഇൻസ്പെക്ടർമാരുടെ നിയമനം.
26. ഇൻസ്പെക്ടർമാരുടെ അധികാരങ്ങളും കൃത്യങ്ങളും.
27. ഇൻസ്പെക്ടർ ഗവണ്മെന്റുദ്യോഗസ്ഥനായിരിക്കേണ്ടതാണെന്നു്.
28. മുതലാളി രജിസ്റ്ററുകൾ, റിക്കാർഡുകൾ മുതലായവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നു്.

അദ്ധ്യായം 8

കുറ്റങ്ങളും, ശിക്ഷകളും, നടപടിക്രമവും.

29. ശിക്ഷകൾ.

അദ്ധ്യായം 9

പലവക.

30. രജിസ്റ്ററുകളും റിക്കാർഡുകളും വെച്ചുപോരലും നോട്ടീസ് പ്രദർശിപ്പിക്കലും.
31. ചില അവകാശങ്ങൾക്കും പ്രത്യേകാവകാശങ്ങൾക്കും ഒഴിവു്.
32. നഷ്ടോത്തരവാദം.
33. അധികാരങ്ങൾ ഏല്പിച്ചുകൊടുക്കൽ,

വകുപ്പുകൾ.

34. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം
35. മേളകൾ, ഉത്സവങ്ങൾ എന്നീ സന്ദർഭങ്ങളിൽ ആക്ററിലെ വ്യവസ്ഥകൾ നിറുത്തിവയ്ക്കുന്നതിന് ഗവണ്മെൻറിനുള്ള അധികാരം.
36. ചില നിയമങ്ങൾ റദ്ദാക്കൽ.

## 1960-ലെ 34-ാം ആക്ററ്.

## ഷാപ്പുകളേയും വാണിജ്യസ്ഥാപനങ്ങളേയും സംബന്ധിച്ച 1960-ലെ കേരള ആക്ററ്.

കേരളസംസ്ഥാനത്തെ ഷാപ്പുകളിലും വാണിജ്യസ്ഥാപനങ്ങളിലും ഉള്ള പണിയും തൊഴിലും സംബന്ധിച്ച സ്ഥിതിഗതികൾ ക്രമപ്പെടുത്തുന്നതിനെപ്പററിയുള്ള നിയമം ഏകീകരിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യുന്നതിനുള്ള ഒരു ആക്ററ്.

പീഠിക.—കേരളസംസ്ഥാനത്തെ ഷാപ്പുകളിലും വാണിജ്യസ്ഥാപനങ്ങളിലും ഉള്ള പണിയും തൊഴിലും സംബന്ധിച്ച സ്ഥിതിഗതികൾ ക്രമപ്പെടുത്തുന്നതിനെപ്പററിയുള്ള നിയമം ഏകീകരിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യേണ്ടതു് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പതിനൊന്നാംവർഷത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്ററിനു് ഷാപ്പുകളേയും വാണിജ്യസ്ഥാപനങ്ങളേയും സംബന്ധിച്ച 1960-ലെ കേരള ആക്ററ് എന്നു പേർപറയാം.

(2) ഇതിനു് കേരളസംസ്ഥാനം ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഗസററിൽ പരസ്യംമൂലം ഗവണ്മെൻറ നിശ്ചയിക്കാവുന്ന തീയതിക്കു് ഇതു് നടപ്പിൽ വരുന്നതാണ്.

(4) താഴെപ്പറയുന്ന പ്രദേശങ്ങൾക്കു് ഇതു് ആദ്യമായി സംബന്ധിക്കുന്നതാണ്:—

(i) തിരുവനന്തപുരം നഗരം,

(ii) 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ററ്, 5 (2) എന്ന വകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയ്ക്കു സംബന്ധിക്കുന്നിടത്തോളം 1920-ലെ മദിരാശി ഡിസ്ട്രിക്ററ് മുനിസിപ്പാലിററി ആക്ററും (1920-ലെ 5-ാം മദിരാശി ആക്ററ്), 1116-ലെ തിരുവിതാംകൂർ ഡിസ്ട്രിക്ററ് മുനിസിപ്പാലിററി ആക്ററും, 1113-ലെ 18-ാം കൊച്ചി മുനിസിപ്പൽ ആക്ററുംപ്രകാരം സ്ഥാപിതമായിട്ടുള്ള എല്ലാ മുനിസിപ്പാലിററികളും,

(iii) 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ററ്, 5 (2) എന്ന വകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയ്ക്കു സംബന്ധിക്കുന്നിടത്തോളം 1950-ലെ മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററ് (1950-ലെ 10-ാം മദിരാശി ആക്ററ്), 3-ാം പട്ടിക, 2-ാം ചട്ടപ്രകാരം, മേല്പറഞ്ഞ 1950-ലെ മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററപ്രകാരം സ്ഥാപിക്കപ്പെട്ടതായി കരുതേണ്ടതും, ആ ആക്ററ് നടപ്പായിവരുന്നതിനു തൊട്ടുമുമ്പു് മേജർ പഞ്ചായത്തുകളായി ഗവണ്മെൻറ് തരംതിരിച്ചിട്ടുള്ളതും ആയ പഞ്ചായത്തുകളുടെ അധികാരാതിർത്തിക്കുള്ളിലുള്ള എല്ലാ പ്രദേശങ്ങളും, ആ ആക്ററപ്രകാരം സ്ഥാപിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്തിട്ടുള്ളതും തല്ക്കാലത്തേയ്ക്കു് ആ ആക്ററിലെ 5 (1)(എ) വകുപ്പു് പ്രകാരം ഒന്നാംക്ലാസ്സ് പഞ്ചായത്തുകളായി ഗവണ്മെൻറ് തരംതിരിച്ചിട്ടുള്ളതുമായ പഞ്ചായത്തുകളുടെ അധികാരാതിർത്തിക്കുള്ളിലുള്ള എല്ലാ പ്രദേശങ്ങളും,

(iv) ഈ ആക്റ്റ് നടപ്പിൽവരുന്നതിനുമുമ്പ് 1125-ലെ തിരുവിതാംകൂർ-കൊച്ചി ഷാപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റോ, 1947-ലെ മദിരാശി ഷാപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റോ സംബന്ധിപ്പിച്ചിട്ടുള്ളതായ സംസ്ഥാനത്തെ മറെറല്ലാ പ്രദേശങ്ങളും,

(v) തങ്ങളുടെ ഉദ്ദേശത്തെപ്പററി മൂന്നുമാസത്തെ നോട്ടീസ്സു നൽകിയതിനുശേഷം ഗവണ്മെൻറിന് ഗസററിൽ പരസ്യംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകളോ അല്ലെങ്കിൽ അവയിൽ വല്ലതുമോ പ്രത്യേകം പറയാവുന്ന മററു പ്രദേശങ്ങൾക്ക് സംബന്ധിപ്പിക്കാവുന്നതാണ്.

## അദ്ധ്യായം I

### പ്രാരംഭം.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മററുപ്രകാരം ആവശ്യം ഇല്ലാത്തപക്ഷം,—

(1) "തൊഴിൽ ശീലിക്കുന്ന ആൾ" എന്നതിന്ന് ഒരു മുതലാളി തൻെറ സർവ്വീസ്സിൽ ഏതെങ്കിലും വ്യാപാരമോ തൊഴിലോ താൻ മുഖേനയോ മറെറാരാൾ മുഖേനയോ പരിശീലിക്കുന്നതിന്നായി പ്രവൃത്തിക്കാക്കുന്ന പന്ത്രണ്ടുവയസ്സിൽ താഴെയല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

(2) "കുട്ടി" എന്നതിന് പതിന്നാലു വയസ്സുതികഞ്ഞിട്ടില്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

(3) "അടച്ചിട്ട" എന്നതിന് ഏതെങ്കിലും പതിവുകാരൻെറ ആവശ്യത്തിനോ സ്ഥാപനം സംബന്ധിച്ച വല്ല വ്യാപാരത്തിനോ വേണ്ടി തുറന്നിട്ടില്ലാത്ത എന്നർത്ഥമാകുന്നു;

(4) "വാണിജ്യസ്ഥാപനം" എന്നതിന് വാണിജ്യപരമോ വ്യാവസായികമോ വ്യാപാരപരമോ ബാങ്കുസംബന്ധമോ ഇൻഷ്വറൻസു സംബന്ധമോ ആയ സ്ഥാപനം എന്നോ, പ്രവൃത്തിക്കാക്കപ്പെടുന്ന ആളുകൾ തസ്തികയേയോ ഭരണത്തേയോ സംബന്ധിച്ച സർവ്വീസ്സിനെ സംബന്ധിച്ചിടത്തോളം, മുഖ്യമായും ആപ്പീസ്സു ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അങ്ങനെയുള്ള തസ്തികയേയോ ഭരണത്തേയോ സംബന്ധിച്ച സർവ്വീസ്സ് എന്നോ, ഹോട്ടൽ എന്നോ, റസ്റ്റാറൻറ് എന്നോ, വിടുതിപ്പുരയെന്നോ, ഭോജനഗൃഹമെന്നോ, കഫെ എന്നോ മറേറതെങ്കിലും ലഘുഭക്ഷണശാല എന്നോ തീയേററർ എന്നോ, പൊതുവിനോദത്തിനോ നേരംപോക്കിനോ ഉള്ള മറേറതെങ്കിലും സ്ഥലം എന്നോ അർത്ഥമാകുന്നതും, അതിൽ ഗസററിൽ പരസ്യംമൂലം ഗവണ്മെൻറ് ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക് ഒരു വാണിജ്യസ്ഥാപനമായി പ്രഖ്യാപിക്കുന്ന മററു സ്ഥാപനം ഉൾപ്പെടുന്നതും എന്നാൽ 1948-ലെ ഫാക്റ്ററി ആക്റ്റിലെ (1948-ലെ 63-ാം കേന്ദ്രആക്റ്റ്) എല്ലാവ്യവസ്ഥകളുമോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയോ സംബന്ധിക്കുന്ന ഫാക്റ്ററി ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(5) "ദിവസം" എന്നതിന് അർദ്ധരാത്രി തുടങ്ങുന്ന ഇരുപത്തിനാലു മണിക്കൂർ കാലം എന്നർത്ഥമാകുന്നു:

എന്നാൽ ഏതു തൊഴിലാളിയുടെ പ്രവൃത്തി സമയം അർദ്ധരാത്രിക്കപ്പുറം വ്യാപിക്കുന്നുവോ അങ്ങനെയുള്ള തൊഴിലാളിയുടെ സംഗതിയിൽ ദിവസം എന്നതിന് അങ്ങനെയുള്ള തൊഴിൽ ആരംഭിക്കുന്നതു മുതലുള്ള ഇരുപത്തിനാലു മണിക്കൂർകാലം എന്നർത്ഥമാകുന്നു;

(6) "തൊഴിലാളി" എന്നതിന് ഏതെങ്കിലും സ്ഥാപനത്തിലും അതു സംബന്ധിച്ചും പൂർണ്ണമായോ പ്രധാനമായോ പ്രവൃത്തിക്കാക്കപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നതും, അതിൽ തൊഴിൽ പരിശീലിക്കുന്ന ആൾ ഉൾപ്പെടുന്നതുമാകുന്നു;

(7) "മുതലാളി" എന്നതിന് ഒരു സ്ഥാപനത്തിൻെറ ഉടമയോ അതിൻെറ കാര്യാദികളിൽ പരമമായ നിയന്ത്രണമോ ഉള്ള ആൾ എന്നർത്ഥമാകുന്നതും, അതിൽ സ്ഥാപനത്തിൻെറ മാനേജരോ, ഏജൻേറാ അല്ലെങ്കിൽ അതിൻെറ സാമാന്യമായ നടത്തിപ്പിനോ നിയന്ത്രണത്തിനോ വേണ്ടി പ്രവർത്തിക്കുന്ന മററാളോ ഉൾപ്പെടുന്നതുമാണ്;

(8) 'സ്ഥാപനം' എന്നതിന് ഒരു ഷാപ്പെന്നോ വാണിജ്യ സ്ഥാപനമെന്നോ അർത്ഥമാകുന്നു;

(9) 'ഇൻസ്പെക്ടർ' എന്നതിന് ഈ ആക്ടപ്രകാരം നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(10) 'അവധി' എന്നതിന് ഈ ആക്ടിലെ മൂന്നാം അദ്ധ്യായത്തിൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള അവധി എന്നർത്ഥമാകുന്നു;

(11) 'തുറന്ന' എന്നതിന് ഏതെങ്കിലും പതിവുകാരന്റെ ആവശ്യത്തിനോ അല്ലെങ്കിൽ സ്ഥാപനം സംബന്ധിച്ച ഏതെങ്കിലും വ്യാപാരത്തിനോ വേണ്ടി തുറന്ന എന്നർത്ഥമാകുന്നു;

(12) 'പ്രവൃത്തികാലം' എന്നതിന് തൊഴിലാളി മുതലാളിയുടെ അധീനത്തിലിരിക്കുന്ന കാലം എന്നർത്ഥമാകുന്നു;

(13) 'നിർണ്ണയിക്കപ്പെട്ട' എന്നതിന് ഈ ആക്ടപ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(14) 'നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം' എന്നതിന് ഈ ആക്ടപ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(15) 'ഷാപ്പ്' എന്നതിന് ഏതെങ്കിലും കച്ചവടമോ, വ്യാപാരമോ നടത്തുന്നതോ പതിവുകാരുടെ ആവശ്യം നിറവേററിക്കൊടുക്കുന്നതോ ആയ ഏതെങ്കിലും പുരയിടം എന്നർത്ഥമാകുന്നതും, അതിൽ ഒരേ പുരയിടത്തിലോ മററു വിധത്തിലോ ആയാലും ശരി, അങ്ങനെയുള്ള കച്ചവടമോ വ്യാപാരമോ സംബന്ധിച്ച് ഉപയോഗിക്കുന്ന ആഫീസുകളോ, സംഭരണ മുറികളോ, ഗുദാമുകളോ, പാണ്ടികശാലകളോ ഉൾപ്പെടുന്നതും, എന്നാൽ ഷാപ്പിൽ പ്രവൃത്തിക്കാക്കപ്പെട്ട ആളുകൾക്ക്, 1948-ലെ ഫാക്ടറി ആക്ട് (1948-ലെ 63-ാം സെൻട്രൽ ആക്ട്) പ്രകാരം പ്രവൃത്തിക്കാർക്ക് വ്യവസ്ഥചെയ്തിട്ടുള്ള ഗുണാനുഭവങ്ങൾ അനുവദിച്ചിട്ടുള്ള ഒരു ഫാക്ടറിയോടുചേർന്ന വാണിജ്യസ്ഥാപനമോ ഷാപ്പോ ഉൾപ്പെടാത്തതുമാകുന്നു;

(16) 'സമയവ്യാപ്തി' എന്നതിന് ഏതെങ്കിലും ദിവസം ഒരു തൊഴിലാളിയുടെ പ്രവൃത്തി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നതിനിടയ്ക്കുള്ള സമയം എന്നർത്ഥമാകുന്നു;

(17) 'ആഴ്ച' എന്നതിന് ശനിയാഴ്ച അർദ്ധരാത്രി മുതല്ക്കോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം ഒരു പ്രത്യേക പ്രദേശത്തിനുവേണ്ടി രേഖാമൂലം അംഗീകരിക്കാവുന്ന മറെറതെങ്കിലും രാത്രി മുതല്ക്കോ ആരംഭിക്കുന്ന ഏഴുദിവസക്കാലം എന്നർത്ഥമാകുന്നു;

(18) 'വർഷം' എന്നതിന് ജനുവരി ഒന്നാംതീയതി ആരംഭിക്കുന്ന ഒരു വർഷം എന്നർത്ഥമാകുന്നു.

3. ഒഴിവുകൾ.—(1) ഈ ആക്ടിൽ അടങ്ങിയിട്ടുള്ള യാതൊന്നും—

(എ) ഏതെങ്കിലും സ്ഥാപനത്തിൽ മാനേജരുടെ പദവിയിൽ പ്രവൃത്തിക്കാക്കപ്പെടുന്ന ആളുകൾക്കും;

(ബി) യാത്രചെയ്യേണ്ടതു പ്രധാനമായ ജോലിയായിട്ടുള്ള ആളുകൾക്കും, വ്യാപാരത്തരകന്മാരായും കെയർടേക്കർമാരായും പ്രവൃത്തിക്കാക്കപ്പെടുന്നവരും ഹാജർ പട്ടികകളിൽ പേരില്ലാത്തവരും ആയ ആളുകൾക്കും;

(സി) കേന്ദ്രഗവൺമെന്റിന്റെയും അഥവാ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശാധികാരസ്ഥാനങ്ങളുടേയും ഇന്ത്യാ റിസർവ്വ് ബാങ്കിന്റെയും, കന്റോൺമെന്റ് അധികാരസ്ഥാനങ്ങളുടേയും കീഴിലുള്ള സ്ഥാപനങ്ങൾക്കും;

(ഡി) ഖനികളിലും എണ്ണപ്പാടങ്ങളിലും ഉള്ള സ്ഥാപനങ്ങൾക്കും;

(ഇ) ഒരു സമയത്തു പതിനഞ്ചു ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്കു ചന്തകളോ ഉത്സവങ്ങളോ താൽക്കാലികമായി നടത്തുന്ന സ്ഥലങ്ങളിലെ വിപണികളിലുള്ള സ്ഥാപനങ്ങൾക്കും;

(എഫ്) 1948-ലെ ഫാക്ടറി ആക്റ്റിന്റെ (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) അർത്ഥവ്യാപ്തിക്കുള്ളിൽപെടുന്ന ഫാക്ടറികളല്ലാതെ ഈ ആക്റ്റിൽ പ്രതിപാദിച്ച കാര്യങ്ങളെ സംബന്ധിച്ചടത്തോളം, കേരള സംസ്ഥാനത്തു തൽക്കാലം നടപ്പിലുള്ള ഒരു പ്രത്യേക നിയമം സംബന്ധിക്കുന്ന സ്ഥാപനങ്ങൾക്കും സംബന്ധിക്കുന്നതല്ല.

(2) 10-ാം വകുപ്പിലടങ്ങിയ യാതൊന്നും—

(എ) ആശുപത്രികൾക്കും, രോഗികൾ, അവശർ, അനാഥർ അല്ലെങ്കിൽ മാനസിക രോഗികൾ എന്നിവരുടെ ചികിത്സക്കോ രക്ഷയ്ക്കോ ഉള്ള മററു സ്ഥാപനങ്ങൾക്കും;

(ബി) ഗവണ്മെൻറ് സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവു മൂലം പ്രത്യേകം പറയാവുന്ന കെമിസ്റ്റുകളുടെയോ മരുന്നു കച്ചവടക്കാരുടെയോ ഷാപ്പുകൾക്കും;

(സി) ക്ലബ്ബുകൾക്കും, ആൾപാർപ്പുള്ള ഹോട്ടലുകൾക്കും, സ്കൂളുകളോടൊ കോളേജുകളോടൊ ചേർന്ന ഹോസ്റ്റലുകൾക്കും, വിദ്യാർത്ഥികളേയും താമസക്കാരായ അദ്ധ്യാപകന്മാരേയും താമസിപ്പിച്ച് അവർക്ക് ഭക്ഷണം നൽകുന്നതു സംബന്ധിച്ച് ബോർഡിംഗ് സ്കൂളുകളിൽ നടത്തിപ്പോരുന്ന സ്ഥാപനങ്ങൾക്കും;

(ഡി) റയിൽവേ സ്റ്റേഷനുകളിലൊ, കപ്പൽജെട്ടികളിലൊ, പാതാറകളിലൊ തുറമുഖങ്ങളിലൊ ഉള്ള സ്റ്റാളുകൾക്കും ലഘുഭക്ഷണശാലകൾക്കും സംബന്ധിക്കുന്നതല്ല.

4. <u>ഒഴിവാക്കപ്പെട്ട ആളുകൾക്കോ സ്ഥാപനങ്ങൾക്കോ ആക്റ്റ് സംബന്ധിപ്പിക്കുവാൻ ഗവണ്മെൻറിനുള്ള അധികാരം.</u>— 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവണ്മെൻറിന് ഗസററിൽ പരസ്യംമൂലം, ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥ ആ വകുപ്പ് (1)-ാം ഉപവകുപ്പ് (സി), (എഫ്) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞവയല്ലാതെ ആ വകുപ്പിൽ പറഞ്ഞ ഏതെങ്കിലും തരത്തിൽപ്പെട്ട ആളുകൾക്കൊ, സ്ഥാപനങ്ങൾക്കൊ സംബന്ധിപ്പിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും പരസ്യം ഭേദഗതിചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

5. <u>ഒഴിവുകൾ.</u>—പൊതുതാല്പര്യത്തിനു ആവശ്യമാണെന്നോ, സ്ഥാപനത്തിന്റെ സ്വഭാവവും കഴിവും പരിഗണിക്കുമ്പോൾ കാര്യത്തിന്റെ പരിതഃസ്ഥിതികൾക്കു നീതിയും യുക്തവുമാണെന്നോ ബോദ്ധ്യമായാൽ ഗവണ്മെൻറിന് ഗസററിൽ പരസ്യംമൂലം ഏതെങ്കിലും പ്രദേശത്തെ ഈ ആക്റ്റ് സംബന്ധിക്കുന്ന ഏതെങ്കിലും സ്ഥാപനത്തെയോ, ഏതെങ്കിലും തരത്തിൽപെട്ട സ്ഥാപനങ്ങളെയോ അല്ലെങ്കിൽ ഏതെങ്കിലും ആളുകളെയോ ഏതെങ്കിലും തരത്തിൽപെട്ട ആളുകളെയോ ഗവണ്മെൻറിനു യുക്തമെന്നു തോന്നുന്ന നിബന്ധനകൾക്കും നിശ്ചയങ്ങൾക്കും വിധേയമായി അതിലെ എല്ലാ വ്യവസ്ഥകളിലും നിന്നോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നോ ഒന്നുകിൽ സ്ഥിരമായോ അല്ലെങ്കിൽ ഏതെങ്കിലും നിശ്ചിത കാലത്തേക്കോ ഒഴിവാക്കാവുന്നതാകുന്നു.

# അദ്ധ്യായം 2

## പ്രവൃത്തി സമയം.

6. പ്രതിദിന പ്രവൃത്തിസമയവും പ്രതിവാര പ്രവൃത്തിസമയവും.—ഏതെങ്കിലും സ്ഥാപനത്തിലുള്ള യാതൊരു തൊഴിലാളിയോടും ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിലൊ, ഏതെങ്കിലും ആഴ്ചയിൽ നാല്പത്തെട്ടു മണിക്കൂറിലൊ അധികം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയൊ, പ്രവൃത്തിചെയ്യാൻ അയാളെ അനുവദിക്കുകയൊ ചെയ്യാൻ പാടില്ല.

എന്നാൽ ജാസ്തിപ്പണി (ഓവർടൈം) ഉൾപ്പെടെ ആകെ പ്രവൃത്തിസമയം സ്റ്റോക്ക് തിട്ടപ്പെടുത്തുകയും കണക്കുകൾ തയ്യാറാക്കുകയും ചെയ്യുന്ന ദിവസങ്ങളിലൊഴികെ യാതൊരു ദിവസത്തിലും പത്തുമണിക്കൂറിൽ കവിയുവാൻ പാടില്ലാത്തതും, ജാസ്തിപ്പണിചെയ്യുന്ന ആകെ സമയം ഏതെങ്കിലും മൂന്നുമാസത്തേയ്ക്കു് അമ്പതു മണിക്കൂറിൽ കവിയുവാൻ പാടില്ലാത്തതുമാകുന്നു.

7. ജാസ്തിപ്പണിക്കുള്ള അധിക വേതനം.—ഒരു തൊഴിലാളി ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിൽ കൂടുതലോ ഏതെങ്കിലും ആഴ്ചയിൽ നാല്പത്തിഎട്ടു മണിക്കൂറിൽ കൂടുതലോ ജോലി ചെയ്യുന്ന പക്ഷം, അയാൾക്കു് ആ ജാസ്തിപ്പണിയുടെ കാര്യത്തിൽ സാധാരണ വേതന നിരക്കിന്റെ ഇരട്ടി നിരക്കിൽ വേതനത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി 'സാധാരണ വേതന നിരക്ക്' എന്നതിന് അടിസ്ഥാന വേതനവും അതോടുചേർത്തു് തൊഴിലാളികൾക്കു് ഭക്ഷണം നൽകുകയും സൗജന്യനിരക്കിൽ ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും വിൽക്കുകയും ചെയ്യുന്നതുമൂലം ലഭിക്കുന്ന ആനുകൂല്യത്തിനു് തുല്യമായ പണം ഉൾപ്പെടെ തൊഴിലാളിക്കു് അതതു സമയം ലഭിക്കുവാനവകാശമുള്ള ബത്തകളും എന്നർത്ഥമാകുന്നതും, അതിൽ ബോണസ്സ് ഉൾപ്പെടാത്തതുമാകുന്നു.

8. വിശ്രമത്തിനുള്ള ഇടസമയം.—ഒരു സ്ഥാപനത്തിലെ തൊഴിലാളിയുടെ ഓരോ ദിവസത്തേയും പ്രവൃത്തി സമയം, യാതൊരു സമയവും നാലു മണിക്കൂറിൽ കവിയാത്തവണ്ണവും, അങ്ങനെയുള്ള യാതൊരാളും വിശ്രമത്തിനു ചുരുങ്ങിയതു് ഒരു മണിക്കൂർ സമയത്തെ ഇട സമയം ലഭിക്കുന്നതിനുമുമ്പ് നാലു മണിക്കൂറിലധികം പ്രവൃത്തിചെയ്യാൻ പാടില്ലാത്തവണ്ണവും നിശ്ചയിക്കേണ്ടതാകുന്നു

9. സമയവ്യാപ്തി.—ഒരു സ്ഥാപനത്തിലെ തൊഴിലാളിയുടെ പ്രവൃത്തി സമയം വിശ്രമത്തിനുള്ള അയാളുടെ ഇടസമയം ഉൾപ്പെടെ ഏതെങ്കിലും ദിവസം പത്തര മണിക്കൂറിലധികം വ്യാപിക്കാത്തവിധം നിശ്ചയിക്കേണ്ടതാണ്.

10. തുറക്കുകയും അടയ്ക്കുകയും ചെയ്യേണ്ട സമയം.—(1) യാതൊരു സ്ഥാപനവും യാതൊരു ദിവസവും (2)-ാം ഉപവകുപ്പുപ്രകാരം ഗവണ്മെന്റിന്റെ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം നിശ്ചയിക്കുന്ന സമയത്തിനുമുമ്പ് തുറക്കുകയോ സമയം കഴിഞ്ഞു് അടയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഏതെങ്കിലും സ്ഥാപനം അടയ്ക്കുന്നതിനു നിശ്ചയിച്ച സമയത്തു് ആ സ്ഥാപനത്തിൽ ഏതെങ്കിലും പതിവുകാരന്റെ ആവശ്യം നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുകയോ, അയാൾ തന്റെ ആവശ്യം നിർവ്വഹിക്കപ്പെടുന്നതിനു് കാത്തുകൊണ്ടിരിക്കുകയോ ചെയ്യുന്നതായാൽ, ആ സമയത്തിനു തൊട്ടടുത്തു വരുന്ന കാൽമണിക്കൂർ സമയത്തു് അയാളുടെ ആവശ്യം നിർവ്വഹിച്ചുകൊടുക്കാവുന്നതാകുന്നു.

(2) ഗവണ്മെൻറിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു മൂലം, ഏതെങ്കിലും തദ്ദേശപ്രദേശത്ത് ഏതെങ്കിലും സ്ഥാപനമോ ഏതെങ്കിലും തരത്തിൽപ്പെട്ട സ്ഥാപനങ്ങളോ തുറക്കുകയോ അടയ്ക്കുകയോ ചെയ്യേണ്ട സമയം നിശ്ചയിക്കാവുന്നതാണ്.

11. ഷാപ്പുകൾ അടയ്ക്കലും പ്രതിവാര പ്രവൃത്തിയൊഴിവു ദിവസങ്ങൾ അനുവദിക്കലും.—(1) ഏതൊരു ഷാപ്പും ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായി അടച്ചിടണം, ആ ദിവസം ഇന്നതാണെന്ന് ഷാപ്പിൽ എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു സ്ഥാനത്ത് സ്ഥിരമായി പ്രദർശിപ്പിക്കുന്ന ഒരു നോട്ടീസിൽ ഷാപ്പുടമസ്ഥൻ പ്രത്യേകിച്ചു പറഞ്ഞിരിക്കേണ്ടതും; അപ്രകാരം പ്രത്യേകിച്ചു പറഞ്ഞിരിക്കുന്ന ദിവസം മൂന്നു മാസത്തിൽ ഒന്നിലധികം പ്രാവശ്യം ഷാപ്പുടമസ്ഥൻ മാററാൻ പാടില്ലാത്തതുമാകുന്നു.

(2) ഒരു ഷാപ്പിലോ വാണിജ്യസ്ഥാപനത്തിലോ പ്രവൃത്തിക്കാക്കപ്പെട്ട ഏതൊരാൾക്കും ഓരോ ആഴ്ചയിലും ഒരു പൂർണ്ണദിവസത്തെ ഒഴിവു ദിവസം അനുവദിക്കേണ്ടതാകുന്നു:

എന്നാൽ ഈ ഉപവകുപ്പിലുള്ള യാതൊന്നും തന്നെ, അധികൃതമായ അവധിയിൽ കഴിച്ച ഏതെങ്കിലും ദിവസങ്ങളുൾപ്പെടെ ആഴ്ചയിൽ തൊഴിൽചെയ്ത മൊത്തകാലം ആറു ദിവസത്തിൽ കുറവായിട്ടുള്ള ഏതെങ്കിലും ആൾക്ക് സംബന്ധിക്കുന്നതോ, അഥവാ (1)-ാം ഉപവകുപ്പനുസരിച്ച് ഷാപ്പ് അടച്ചിരുന്ന ദിവസം ഒരു പൂർണ്ണദിവസത്തെ ഒഴിവ് അനുവദിക്കപ്പെട്ട ഒരാൾക്ക് കൂടുതലായി ഒരു ഒഴിവുദിവസത്തിനുകൂടി അർഹതയുണ്ടാക്കുന്നതോ അല്ലാത്തതാകുന്നു.

(3) ഈ ഉപവകുപ്പനുസരിച്ച് ഒഴിവുദിവസം അനുവദിച്ച ഏതെങ്കിലും ദിവസത്തേയ്ക്ക് സ്ഥാപനത്തിലെ യാതൊരു തൊഴിലാളിയുടെയും വേതനത്തിൽനിന്നു യാതൊരു കിഴിവും ചെയ്യാൻ പാടില്ലാത്തതാകുന്നു; അങ്ങനെയുള്ള ദിവസത്തേയ്ക്ക് അയാൾക്ക സാധാരണമായിവേതനം കിട്ടുന്നതല്ലെന്നുള്ള അടിസ്ഥാനത്തിലാണ് അയാളെ പ്രവൃത്തിക്കാക്കിയിട്ടുള്ളതെങ്കിൽക്കൂടി, ആ ദിവസത്തേയ്ക്ക് ഒഴിവുദിവസം അനുവദിച്ചിരുന്നില്ലെങ്കിൽ അയാൾ വാങ്ങുമായിരുന്ന വേതനം ആ ദിവസത്തേയ്ക്ക് അയാൾക്ക കൊടുക്കേണ്ടതാകുന്നു.

## അദ്ധ്യായം 3

### ഒഴിവുദിവസങ്ങളും അവധിയും.

12. അദ്ധ്യായം സംബന്ധിപ്പിക്കൽ.—മററു വല്ല നിയമപ്രകാരമോ വല്ല തീർപ്പിലേയോ ഉടമ്പടിയിലേയോ സേവന നിശ്ചയത്തിലേയോ വ്യവസ്ഥകൾ പ്രകാരമോ തൊഴിലാളിക്ക ലഭിക്കുവാനർഹതയുള്ള ഏതെങ്കിലും അവകാശങ്ങൾക്ക് ദൂഷ്യമായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ അങ്ങനെയുള്ള തീർപ്പിലോ ഉടമ്പടിയിലോ സേവന നിശ്ചയത്തിലോ ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ കൂടുതലായി, വേതനത്തോടുകൂടിയ അവധിക്കോ പ്രതിവാരപ്രവൃത്തി ഒഴിവു ദിവസങ്ങൾക്കോ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിൽ, ആ തൊഴിലാളിക്ക് അതതു സംഗതിപോലെ അങ്ങനെയുള്ള കൂടുതൽ അവധിക്കോ പ്രതിവാരപ്രവൃത്തിയൊഴിവു ദിവസങ്ങൾക്കോ അവകാശമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിന് അവധി എന്നതിൽ, 13-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരമൊഴികെ, പ്രതിവാര പ്രവൃത്തിയൊഴിവു ദിവസങ്ങളോ, ഉത്സവങ്ങൾക്കോ അതുപോലെയുള്ള മററു സന്ദർഭങ്ങൾക്കോ ഉള്ള ഒഴിവുദിവസങ്ങളോ ഉൾപ്പെടുന്നതല്ല.

13. വേതനത്തോടുകൂടിയ വാർഷികാവധി.—(1) ഒരു സ്ഥാപനത്തിലെ ഏതൊരു തൊഴിലാളിക്കും ആ സ്ഥാപനത്തിൽ പന്ത്രണ്ടുമാസത്തെ തുടർച്ചയായുള്ള സേവനത്തിനുശേഷമുള്ള പന്ത്രണ്ടു മാസകാലത്ത് പന്ത്രണ്ടുദിവസ

കാലത്തേയ്ക്ക് വേതനത്തോടുകൂടിയ ഒഴിവു ദിവസങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ വേതനത്തോടുകൂടിയ അത്തരം ഒഴിവുദിവസങ്ങൾ പരമാവധി ഇരുപത്തിനാലു ദിവസക്കാലം വരെ കൂട്ടിവയ്ക്കാവുന്നതാണ്.

(2) ഒരു സ്ഥാപനത്തിലെ ഏതൊരു തൊഴിലാളിക്കും തുടർച്ചയായ ഏതൊരു പന്ത്രണ്ടു മാസത്തെയും സേവന കാലത്ത് (എ) വല്ല രോഗവും പിടിപെടുകയോ അപകടം സംഭവിക്കുകയോ ചെയ്തു കാരണത്താൽ പന്ത്രണ്ടു ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്കു വേതനത്തോടുകൂടിയ അവധിക്കും, (ബി) ന്യായമായ ഏതെങ്കിലും കാരണത്താൽ പന്ത്രണ്ടു ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്കു വേതനത്തോടുകൂടിയ കാഷ്വൽ അവധിക്കുംകൂടി അവകാശമുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും പ്രവൃത്തിയൊഴിവു ദിവസത്തിനു അവകാശമുള്ള ഒരു തൊഴിലാളിയെ അയാൾക്ക് ഒഴിവു ദിവസങ്ങൾ അനുവദിക്കുന്നതിനു മുമ്പ് അയാളുടെ മുതലാളി പിരിച്ചുവിടുകയോ അല്ലെങ്കിൽ ഒഴിവു ദിവസങ്ങൾക്ക് അപേക്ഷിച്ചിട്ട് അവ നിഷേധിച്ചിരിക്കേ, അയാൾ തനിക്ക് ഒഴിവുദിവസങ്ങൾ അനുവദിച്ചുകിട്ടുന്നതിനുമുമ്പ് തന്റെ ജോലി വിട്ടുപോകുകയോ ചെയ്യുന്നതായാൽ, മുതലാളി അയാൾക്ക് ആ ഒഴിവു ദിവസങ്ങളുടെ കാര്യത്തിൽ ഈ ആക്റ്റ പ്രകാരം കൊടുക്കേണ്ട തുക കൊടുക്കേണ്ടതാകുന്നു.

(4) (2)-ാം ഉപവകുപ്പുപ്രകാരം വല്ല അവധിക്കും അവകാശമുള്ള തൊഴിലാളിയെ അയാൾ രോഗിയായിരിക്കുമ്പോഴോ ഒരു അപകടത്തിന്റെ ഫലമായി ക്ലേശിക്കുമ്പോഴോ അയാളുടെ മുതലാളി പിരിച്ചുവിടുന്നുവെങ്കിൽ, അയാളെ പിരിച്ചുവിടുന്ന സമയത്ത് അയാൾക്ക് അവകാശമുണ്ടായിരുന്ന അവധിക്കാലം സംബന്ധിച്ച് ഈ ആക്റ്റ പ്രകാരം കൊടുക്കേണ്ട തുക, (3)-ാം ഉപവകുപ്പുപ്രകാരം അയാൾക്ക് ഏതെങ്കിലും തുക കൊടുക്കേണ്ടതുണ്ടെങ്കിൽ ആ തുകയ്ക്കു പുറമെ, മുതലാളി അയാൾക്കു കൊടുക്കേണ്ടതാകുന്നു.

(5) പന്ത്രണ്ടു മാസക്കാലത്ത് (i) രോഗത്താലോ അപകടത്താലോ അധികൃതമായ അവധിയാലോ (അധികൃത പ്രവൃത്തിയൊഴിവു ദിവസങ്ങളുൾപ്പെടെ) മൂന്നിനുംകൂടി ആകെ തൊണ്ണൂറു ദിവസത്തിൽ കവിയാതെയും അല്ലെങ്കിൽ (ii) ലോക്കൗട്ട് മൂലമോ (iii) നിയമവിരുദ്ധമല്ലാത്ത പണിമുടക്കിനാലോ അല്ലെങ്കിൽ (iv) മനഃപൂർവ്വമല്ലാതെ ഇടവിട്ടുള്ള തൊഴിലില്ലായ്മയാലോ ആകെ മുപ്പതു ദിവസത്തിൽ കവിയാതെയും സർവ്വീസിനു വല്ല മുടക്കവും സംഭവിച്ചാൽക്കൂടി, ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ തൊഴിലാളി പന്ത്രണ്ടു മാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ളതായി കരുതേണ്ടതും, അധികൃതാവധി എന്നതിൽ ഈ ആക്റ്റപ്രകാരം അനുവദിച്ചിട്ടുള്ളതും അവധിമൂലം നേരിടുന്ന മുടക്കത്തിന്റെ ആദ്യമോ അവസാനമോ ഉണ്ടാകുന്നതുമായ ഏതെങ്കിലും പ്രതിവാര പ്രവൃത്തിയൊഴിവുദിവസം ഉൾപ്പെടുന്നതായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.

(6) ഒരു സ്കൂളിനോടോ കോളേജിനോടോ ചേർന്നുള്ള ഹോസ്റ്റലിലെയോ, വിദ്യാർത്ഥികളേയും താമസക്കാരായ അദ്ധ്യാപകന്മാരേയും താമസിപ്പിച്ച് അവർക്ക് ഭക്ഷണം നല്കുന്നതു സംബന്ധിച്ച ബോർഡിംഗ് സ്കൂളിൽ നടത്തിപ്പോരുന്ന സ്ഥാപനത്തിലേയോ തൊഴിലാളിക്ക്, (1) മുതൽ (5) വരെ ഉപവകുപ്പുകളിൽ പറഞ്ഞ വിശേഷാവകാശങ്ങൾ അനുവദിക്കേണ്ടതും, എന്നാൽ അവ അതതു സംഗതിപോലെ അയാളെ മുൻവർഷത്തിൽ തുടർച്ചയായി പ്രവൃത്തിക്കാക്കിയിരുന്ന കാലമൊ അല്ലെങ്കിൽ നടപ്പുവർഷം അയാളെ തുടർച്ചയായി പ്രവൃത്തിക്കാക്കുന്ന കാലമൊ ആയി ആനുപാതികമായി കുറയ്ക്കേണ്ടതും ആകുന്നു. പ്രവൃത്തിയൊഴിവു ദിവസക്കാലങ്ങളേയോ അവധിക്കാലങ്ങളേയോ സംബന്ധിച്ച് (1)-ം (2)-ം ഉപവകുപ്പുകളിലുള്ള എല്ലാ പരാമർശങ്ങളെയും അപ്രകാരം വ്യാഖ്യാനിക്കേണ്ടതും, ഒരു ദിവസത്തിൽക്കുറഞ്ഞുള്ള ഭാഗങ്ങൾ തള്ളിക്കളയേണ്ടതുമാണ്.

(7) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ എല്ലാ സംഗതികളിലുമോ ഏതെങ്കിലും തരത്തിൽപ്പെട്ട സംഗതികളിലോ ഏതെങ്കിലും പ്രത്യേക സംഗതി

യിലൊ നടപ്പിലാക്കേണ്ട വിധത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുവാൻ ഗവൺമെൻറിന് അധികാരമുണ്ടായിരിക്കുന്നതാണ്.

14. അവധിക്കാലത്തെ വേതനം.—13-ാം വകുപ്പുപ്രകാരം അനുവദിക്കുന്ന അവധിയെ സംബന്ധിച്ചിടത്തോളം തൊഴിലാളിക്ക് ജാസ്തിപ്പണിക്കുള്ള സമ്പാദ്യവും ബോണസ്സും ഉൾപ്പെടാതെയും എന്നാൽ ക്ഷാമബത്തയും ഭക്ഷണം നല്കുകയും അവധിയിൽ പോകുന്നതിനു തൊട്ടുമുമ്പുള്ള മാസത്തിൽ അയാൾ പ്രവൃത്തിയെടുത്ത ദിവസങ്ങൾക്ക് മുതലാളി ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും സൌജന്യനിരക്കുകളിൽ വില്ക്കുകയും ചെയ്തുകൊണ്ടുണ്ടായ ഏതെങ്കിലും ആനുകൂല്യങ്ങൾക്കു തുല്യമായ പണവും ഉൾപ്പെടെയും അയാളുടെ ആകെയുള്ള പൂർണ്ണസമയസമ്പാദ്യത്തിൻെറ ദൈനംദിന ശരാശരിക്കു തുല്യമായ നിരക്കിൽ വേതനം കൊടുക്കേണ്ടതാകുന്നു.

15. തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഇൻസ്പെക്ടർമാർക്കുള്ള അധികാരം.—ഈ അദ്ധ്യായപ്രകാരം മുതലാളി കൊടുക്കേണ്ടതും മുതലാളി കൊടുത്തിട്ടില്ലാത്തതുമായ ഏതെങ്കിലും തുക വസൂലാക്കുന്നതിന് ഏതെങ്കിലും തൊഴിലാളിക്കുവേണ്ടി ഏതൊരു ഇൻസ്പെക്ടർക്കും നടപടികൾ ആരംഭിക്കാവുന്നതാണ്.

16. സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.—ഒരു സ്ഥാപനത്തിലെ തൊഴിലാളികൾക്കു സംബന്ധിക്കുന്ന അവധിച്ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾ തങ്ങളുടെ അഭിപ്രായത്തിൽ ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നവയേക്കാൾ പ്രയോജനം കുറഞ്ഞവയല്ലെന്ന് ഗവൺമെൻറിനു ബോദ്ധ്യമാകുന്നപക്ഷം, അവർക്കു രേഖാമൂലമുള്ള ഒരു ഉത്തരവു മൂലം ആ സ്ഥാപനത്തെ ഈ അദ്ധ്യായത്തിലെ എല്ലാ വ്യവസ്ഥകളിലും നിന്നോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയിൽനിന്നോ ആ ഉത്തരവിൽ പ്രത്യേകം പറയാവുന്ന നിശ്ചയങ്ങൾക്കു വിധേയമായി ഒഴിവാക്കാവുന്നതാകുന്നു.

## അദ്ധ്യായം 4

### വേതനം.

17. വേതനം കൊടുക്കുന്നതു സംബന്ധിച്ച ആക്റ്റ് സംബന്ധിപ്പിക്കലും അതിൻെറ ഭേദഗതിയും.—(1) വേതനം കൊടുക്കുന്നതു സംബന്ധിച്ച 1936-ലെ ആക്റ്റിൽ (1936-ലെ 4-ാം കേന്ദ്ര ആക്റ്റ്) (ഇതിനെപ്പററി ഇവിടെ മേപ്പടി ആക്റ്റ് എന്നാണു പറയുക) എന്തുതന്നെ അടങ്ങിയിരുന്നാലും, ഗവൺമെൻറിനു ഗസററിൽ പരസ്യംമൂലം, മേപ്പടി ആക്ററോ അതിലെയോ അതു പ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ വല്ലതുമോ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്റ്റു സംബന്ധിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കുമൊ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തൊഴിലാളികൾക്കൊ സംബന്ധിക്കുന്നതാണെന്നു നിർദ്ദേശിക്കാവുന്നതാകുന്നു.

(2) മേപ്പടി ആക്റ്റിലെ വ്യവസ്ഥകൾ (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും സ്ഥാപനത്തിനു സംബന്ധിപ്പിക്കുമ്പോൾ, ഈ ആക്റ്റുപ്രകാരം നിയമിച്ചിട്ടുള്ള ഇൻസ്പെക്ടറെ, അദ്ദേഹത്തിൻെറ തദ്ദേശാധികാരാതിർത്തിക്കുള്ളിൽ മേപ്പടി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ട ആവശ്യത്തിനുള്ള ഇൻസ്പെക്ടറായി കരുതേണ്ടതാകുന്നു.

18. ഡിസ്മിസ്സു ചെയ്യുന്നതു സംബന്ധിച്ച നോട്ടീസ്സ്.—(1) തുടർച്ചയായി ആറു മാസത്തിൽ കുറയാത്ത കാലത്തേയ്ക്ക് പ്രവൃത്തിക്കാക്കിയിട്ടുള്ള തൊഴിലാളിയെ യാതൊരു മുതലാളിയും ന്യായമായ കാരണത്താലല്ലാതെയും അങ്ങനെയുള്ള തൊഴിലാളിക്കു ചുരുങ്ങിയതു് ഒരു മാസത്തെ നോട്ടീസ്സോ അല്ലെങ്കിൽ നോട്ടീസ്സിനു പകരം വേതനമോ കൊടുക്കാതെയും ജോലിയിൽനിന്നു പിരിച്ചയയ്ക്കുവാൻ പാടുള്ളതല്ല. എന്നിരുന്നാലും ദുർനടപടി സംബന്ധിച്ച കുററാരോപണമുണ്ടായിരിക്കുകയും അതിനു ഉപോൽബലകമായി

ആ ആവശ്യത്തിനുവേണ്ടി നടത്തിയ അന്വേഷണത്തിൽ വെളിപ്പെടുത്തിയ തൃപ്തികരമായ തെളിവ് ഉണ്ടായിരിക്കുകയും ചെയ്താൽ അങ്ങനെയുള്ള തൊഴിലാളിയെ ജോലിയിൽനിന്നു പിരിച്ചയയ്ക്കുന്നതിന് അങ്ങനെ നോട്ടീസ് ആവശ്യമില്ലാത്തതാകുന്നു.

(2) ജോലിയിൽനിന്നു പിരിച്ചയയ്ക്കപ്പെട്ട ഏതൊരു തൊഴിലാളിക്കും തന്നെ ജോലിയിൽനിന്നു പിരിച്ചയയ്ക്കുന്നതിനു ന്യായമായ കാരണം ഉണ്ടായിരുന്നില്ലെന്ന കാരണത്തിന്മേലോ അല്ലെങ്കിൽ മുതലാളി അഭിപ്രായപ്പെട്ട പ്രകാരം താൻ ദുർനടപടിക്കു കുറ്റക്കാരനല്ലെന്ന കാരണത്തിന്മേലോ, നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനത്തിന്റെ അടുക്കലും സമയത്തിനുള്ളിലും അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(3) അപ്പീലധികാരസ്ഥാനത്തിന്, മുതലാളിക്കും തൊഴിലാളിക്കും നിർണ്ണയിക്കപ്പെട്ട വിധത്തിൽ നോട്ടീസു നൽകിയതിനുശേഷം, അപ്പീൽ തള്ളിക്കളയുകയോ ജോലിയിൽനിന്നു തൊഴിലാളിയെ നീക്കം ചെയ്തിരുന്ന കാലത്തേയ്ക്കുള്ള വേതനത്തോടുകൂടിയോ കൂടാതെയോ തൊഴിലാളിയെ ജോലിയിൽ തിരിച്ചെടുക്കുന്നതിനു നിർദ്ദേശിക്കുകയോ, തിരിച്ചെടുക്കാതെ നഷ്ടപ്രതിഫലം നൽകുന്നതിനു നിർദ്ദേശിക്കുകയോ അല്ലെങ്കിൽ പ്രസ്തുത സംഗതിയുടെ പരിതഃസ്ഥിതികളിൽ അതിനു യുക്തമെന്നു തോന്നുന്ന മറ്റു നിവൃത്തി നൽകുകയോ ചെയ്യാവുന്നതാകുന്നു.

(4) തൊഴിലാളിയെ തിരിച്ചെടുക്കുന്നതിനു നിർദ്ദേശിക്കുമ്പോൾ അപ്പീലധികാരസ്ഥൻ, നിർദ്ദേശമനുസരിച്ച് മുതലാളി തൊഴിലാളിയെ തിരിച്ചെടുക്കുവാൻ വീഴ്ച ചെയ്യുന്ന സംഗതിയിൽ, താൻ പ്രത്യേകം പറയാവുന്ന നഷ്ടപ്രതിഫലസംഖ്യ കൊടുക്കണമെന്നുകൂടി നിർദ്ദേശിക്കേണ്ടതാകുന്നു.

(5) അപ്പീലധികാരസ്ഥാനത്തിന്റെ തീർപ്പ് അവസാനത്തേതായിരിക്കുന്നതും ഇരുകക്ഷികൾക്കും ബാധകമായിരിക്കുന്നതും, യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതും, അപ്പീലധികാരസ്ഥാനത്തിന്റെ ഉത്തരവിൽ പ്രത്യേകം പറയുന്ന സമയത്തിനകം നടപ്പിലാക്കേണ്ടതുമാണ്.

(6) (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം മുതലാളി കൊടുക്കേണ്ടതും എന്നാൽ അദ്ദേഹം കൊടുത്തിട്ടില്ലാത്തതുമായ ഏതൊരു നഷ്ടപ്രതിഫലവും തൽക്കാലം നടപ്പിലുള്ള നികുതിവസൂൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഭൂനികുതിക്കുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതാകുന്നു.

## അദ്ധ്യായം ൫

### കുട്ടികളേയും സ്ത്രീകളേയും പ്രവൃത്തിക്കാക്കൽ.

19. കുട്ടികളെ പ്രവൃത്തിക്കാക്കുന്നതു് നിരോധിക്കൽ.—യാതൊരു കുട്ടിയേയും യാതൊരു സ്ഥാപനത്തിലും, ഗവൺമെന്റു പ്രത്യേകം പറയുന്ന തൊഴിലിൽ തൊഴിൽ പരിശീലിക്കുന്ന ആൾ എന്ന നിലയിലല്ലാതെ പ്രവൃത്തിയെടുക്കുന്നതിന് ആവശ്യപ്പെടുകയോ അല്ലെങ്കിൽ പ്രവൃത്തിയെടുപ്പാൻ ആ കുട്ടിയെ അനുവദിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

20. സ്ത്രീകളേയും പതിനേഴു വയസ്സിനു താഴെ പ്രായമുള്ള ആളുകളേയും രാത്രി പ്രവൃത്തിക്കാക്കുന്നതു നിരോധിക്കൽ.—രാവിലെ ആറുമണിക്കു മുമ്പോ വൈകുന്നേരം ഏഴുമണിക്കു ശേഷമോ യാതൊരു സ്ഥാപനത്തിലും യാതൊരു സ്ത്രീയോടോ പതിനേഴു വയസ്സു തികഞ്ഞിട്ടില്ലാത്ത ഏതെങ്കിലും ആളോടോ തൊഴിലാളിയായോ മറ്റു വിധത്തിലോ പ്രവൃത്തിയെടുപ്പാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ പ്രവൃത്തിയെടുപ്പാൻ അവളേയോ അവനേയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

## അദ്ധ്യായം 6

### ആരോഗ്യവും സുരക്ഷിതത്വവും.

21. ശുചിത്വവും, വായുസഞ്ചാരവും, വെളിച്ചവും.—(1) ഏതൊരു സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും വല്ല ഓവുചാലിൽനിന്നോ കക്കൂസിൽനിന്നോ ഉണ്ടാകുന്ന ദുർഗ്ഗന്ധമോ മറ്റു അസഹ്യാപദ്രവമോ അവിടെ ഇല്ലാതിരിക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന സമയങ്ങളിലും മാർഗ്ഗങ്ങളുപയോഗിച്ചും വൃത്തിയാക്കേണ്ടതും ആകുന്നു. ഈ മാർഗ്ഗങ്ങളിൽ ചുണ്ണാമ്പുതേയ്പ്പ്, വണ്ണംതേയ്പ്പ്, പെയിന്റുചെയ്യൽ, വാർണിഷ് ഇടൽ, രോഗപ്പകർച്ചയകറ്റൽ, ദുർഗ്ഗന്ധമില്ലാതാക്കൽ എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(2) ഏതൊരു സ്ഥാപനത്തിന്റെയും പരിസരങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന സ്റ്റാൻഡാർഡുകളനുസരിച്ചും നിർണ്ണയിക്കപ്പെടാവുന്ന മാർഗ്ഗങ്ങളുപയോഗിച്ചും വായുസഞ്ചാരം ഉണ്ടാക്കിത്തീർക്കേണ്ടതാണ്.

(3) ഏതൊരു സ്ഥാപനത്തിന്റെയും പരിസരങ്ങളിൽ ജോലിചെയ്യുന്ന എല്ലാ സമയത്തും വേണ്ടുവോളം വെളിച്ചം ഉണ്ടായിരിക്കേണ്ടതാണ്.

(4) ഇൻസ്പെക്ടർക്ക് തന്റെ അധികാരപരിധിയിൽപ്പെട്ട ഏതെങ്കിലും സ്ഥാപനത്തിന്റെ പരിസരം വേണ്ടത്ര വൃത്തിയായി സൂക്ഷിച്ചിട്ടില്ലെന്നോ, അവിടെ വേണ്ടത്ര വെളിച്ചമോ വായുസഞ്ചാരമോ ഇല്ലെന്നോ തോന്നുന്നതായാൽ, അദ്ദേഹത്തിന് തന്റെ അഭിപ്രായത്തിൽ എടുക്കേണ്ട നടപടികൾ ഇന്നവയാണെന്നു പ്രത്യേകം പറഞ്ഞുകൊണ്ടും ഒരു നിശ്ചിത തീയതിക്കു മുമ്പായി അവ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും രേഖാമൂലമായ ഒരു ഉത്തരവ് മുതലാളിയുടെ മേൽനടത്താവുന്നതാകുന്നു.

22. അഗ്നിബാധയ്ക്കെതിരായ മുൻകരുതൽ.—ഏതൊരു സ്ഥാപനത്തിലും അഗ്നിബാധയ്ക്കെതിരായി നിർണ്ണയിക്കപ്പെടാവുന്ന മുൻകരുതലുകൾ എടുക്കേണ്ടതാകുന്നു.

23. അപ്പീലുകൾ.—ഈ അദ്ധ്യായപ്രകാരം ഇൻസ്പെക്ടർ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവിന്മേലും നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനത്തിന്റെ അടുക്കലും സമയത്തിനുള്ളിലും അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

24. മുൻവകുപ്പുകൾ പ്രകാരമുള്ള ചെലവുകൾ വീതിക്കൽ.—ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ആയിരിക്കുകയും ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം 21-ാം വകുപ്പിലെയോ 22-ാം വകുപ്പിലെയോ ആവശ്യങ്ങൾ നിറവേറുന്നതിലേയ്ക്കായി എന്തെങ്കിലും ചെലവു നേരിട്ടിരിക്കുകയോ നേരിടാൻ പോവുകയോ ചെയ്യുകയും ചെയ്യുന്ന ഏതൊരാളും ആ ചെലവു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ആ പരിസരത്തിന്റെ കാര്യത്തിൽ അവകാശബന്ധമുള്ള മറ്റാരെങ്കിലും വഹിക്കേണ്ടതാണെന്ന് പറയുന്നതായാൽ, അദ്ദേഹത്തിന് ആ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്ത് അധികാരമുള്ള മുൻസിഫിന്റെ കോടതിയിൽ അപേക്ഷ ബോധിപ്പിക്കാവുന്നതും, ആ കോടതിക്ക് കക്ഷികൾ തമ്മിലുള്ള വല്ല കരാറിലെയും നിശ്ചയങ്ങളുൾപ്പെടെ പ്രസ്തുത സംഗതിയുടെ എല്ലാ പരതഃസ്ഥിതികളും പരിഗണിച്ചുകൊണ്ട് ചെലവുകളെയോ അവ വീതിക്കുന്നതിനെയോ സംബന്ധിച്ച് ന്യായവും യുക്തവുമാണെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും, ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവിലും, മേല്പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും കരാറിന് അത് ആ ഉത്തരവിലെ നിശ്ചയങ്ങൾക്ക് അനുയോജ്യമല്ലാതിരിക്കുന്നിടത്തോളം, പ്രാബല്യമില്ലാതിരിക്കുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതുമാകുന്നു.

## അദ്ധ്യായം 7

### നടപ്പാക്കലും പരിശോധനയും.

25. ഇൻസ്പെക്ടർമാരുടെ നിയമനം.—ഗവണ്മെൻറിന്ന് ഗസററിൽ പരസ്യംമൂലം തങ്ങൾക്കു യുക്തമെന്നു തോന്നുന്ന ഉദ്യോഗസ്ഥന്മാരേയോ ആളുകളെയോ തരത്തിൽപ്പെട്ട ആളുകളെയോ, തങ്ങൾ അവക്ക് യഥാക്രമം നിർണ്ണയിച്ചു കൊടുക്കുന്ന പ്രാദേശികാതിർത്തികളിൽ ഈ ആക്ററിൻെറ ആവശ്യത്തിലേക്ക് ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതാണ്.

26. ഇൻസ്പെക്ടർമാരുടെ അധികാരങ്ങളും കൃത്യങ്ങളും.— ഗവണ്മെൻറ് ഈ ആവശ്യാർത്ഥം ഉണ്ടാക്കുന്ന വല്ല ചട്ടങ്ങൾക്കും വിധേയമായി ഇൻസ്പെക്ടർക്ക്, താൻ നിയമിതനായിരിക്കുന്ന തദ്ദേശാതിർത്തികളിൽ—

(എ) ഒരു സ്ഥാപനമായതോ സ്ഥാപനമാണെന്ന് തനിക്കു വിശ്വസിപ്പാൻ കാരണമുള്ളതോ ആയ ഏതൊരു സ്ഥലത്തും, ന്യായമായ എല്ലാ സമയത്തും ഗവണ്മെൻറിൻെറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറയോ സർവ്വീസിലുള്ളവരും പററിയവരെന്നു തനിക്കു തോന്നുന്നവരും ആയ വല്ല അസിസ്റ്റൻറുമാരോടുകൂടിയും പ്രവേശിക്കുകയും;

(ബി) ഈ ആക്ററിൻെറ കാര്യങ്ങൾ നിറവേററുന്നതിന്ന്, ആവശ്യമെന്ന് തനിക്കു തോന്നുംപ്രകാരം ആ പരിസരങ്ങളും, നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും രജിസ്ററുകൾ, റിക്കാർഡുകൾ, നോട്ടീസുകൾ എന്നിവയും പരിശോധിക്കുകയും, ആരുടെയെങ്കിലും തെളിവ് ആ സ്ഥലത്തുവെച്ചോ മററു വിധത്തിലോ എടുക്കുകയും;

(സി) ഈ ആക്ററിൻെറ കാര്യങ്ങൾ നിറവേററുന്നതിന്നാവശ്യമാകാവുന്ന മററ് അധികാരങ്ങൾ നടത്തുകയും ചെയ്യാവുന്നതാണ്:

എന്നാൽ ഈ വകുപ്പുപ്രകാരം യാതൊരാളോടും അയാളെത്തന്നെ കുററക്കാരനാക്കിത്തീർക്കാനിടയുള്ള ഏതെങ്കിലും ചോദ്യത്തിന്ന് ഉത്തരം പറയുവാനോ, ഏതെങ്കിലും തെളിവ് നൽകുവാനോ ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

27. ഇൻസ്പെക്ടർ ഗവണ്മെൻറുദ്യോഗസ്ഥനായിരിക്കേണ്ടതാണെന്ന്.— 25-ാം വകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരു ഇൻസ്പെക്ടറേയും ഇന്ത്യൻ ശിക്ഷാനിയമം 21-ാംവകുപ്പിൻെറ അർത്ഥവ്യാപ്തികളിൽ ഒരു ഗവണ്മെൻറുദ്യോഗസ്ഥനായി കരുതേണ്ടതാകുന്നു.

28. മുതലാളി രജിസ്ററുകൾ, റിക്കാർഡുകൾ മുതലായവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്ന്.—ഈ ആക്ററുപ്രകാരവും ഈ ആക്ററിൻെറ ആവശ്യങ്ങൾക്കുവേണ്ടിയും വച്ചുപോരേണ്ട എല്ലാ രജിസ്ററുകളും, റിക്കാർഡുകളും നോട്ടീസുകളും ഇൻസ്പെക്ടരുടെ പരിശോധനയ്ക്കായി, ആവശ്യപ്പെടുമ്പോൾ, ഏതൊരു മുതലാളിയും ഹാജരാക്കേണ്ടതാണ്.

## അദ്ധ്യായം 8

### കുററങ്ങളും, ശിക്ഷകളും, നടപടിക്രമവും.

29. ശിക്ഷകൾ.—(1) 6, 8, 9, 10, 11, 13, 14, 18, 21, 22 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കുന്ന ഏതൊരാൾക്കും കുററം സ്ഥാപനമായാൽ ആദ്യത്തെ കുററത്തിന്ന് ഇരുനൂററമ്പതു രൂപയോളവും, രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുററത്തിന്ന് അഞ്ഞൂറു രൂപയോളവും വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാകുന്നു.

(2) 7, 19, 20, 28, 30 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിൽ വല്ലതും ലംഘിക്കുന്ന ഏതൊരാൾക്കും കുററസ്ഥാപനമായാൽ അമ്പതു രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(3) യാതൊരു കോടതിയും ഈ ആക്ടോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടമൊ ഉത്തരവൊ പ്രകാരം ശിക്ഷാർഹമായ യാതൊരു കുററവും—

(എ) കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ താൻ നേരിട്ടോ, അല്ലെങ്കിൽ താൻ അംഗമായിരിക്കുന്ന യൂണിയൻ മുഖാന്തിരമോ, സ്ഥാപനത്തിലെ തൊഴിലാളിയോ അല്ലെങ്കിൽ

(ബി) ആരോപിക്കപ്പെട്ട കുററം തന്റെ അറിവിൽപെട്ട തീയതി മുതൽ ആറു മാസത്തിനകം ഇൻസ്പെക്ടറോ പരാതി ബോധിപ്പിക്കാത്ത പക്ഷം, വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

(4) രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ കോടതിക്കു താഴെയുള്ള യാതൊരു കോടതിയും ഈ ആക്ടോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ ഉത്തരവുകളോ പ്രകാരം ശിക്ഷാർഹമായ യാതൊരു കുററവും വിസ്തരിക്കുവാൻ പാടില്ലാത്തതാകുന്നു.

## അദ്ധ്യായം 9

### പലവക

30. <u>രജിസ്റ്ററുകളും റിക്കാർഡുകളും വെച്ചുപോരലും നോട്ടീസ്സ് പ്രദർശിപ്പിക്കലും.</u>— ഗവണ്മെൻറിന്റെ സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവുകൾക്കു വിധേയമായി, മുതലാളി, നിർണ്ണയിക്കപ്പെടാവുന്ന രജിസ്റ്ററുകളും റിക്കാർഡുകളും വെച്ചുപോരേണ്ടതും, തന്റെ സ്ഥാപനത്തിന്റെ പരിസരത്തിൽ നിർണ്ണയിക്കപ്പെടാവുന്ന നോട്ടീസുകൾ പ്രദർശിപ്പിക്കേണ്ടതുമാണ്. അങ്ങനെയുള്ള എല്ലാ രജിസ്റ്ററുകളും റിക്കാർഡുകളും അവ സംബന്ധിക്കുന്ന സ്ഥാപനത്തിന്റെ പരിസരത്തിൽ വെച്ചുപോരേണ്ടതാണ്.

31. <u>ചില അവകാശങ്ങൾക്കും പ്രത്യേകാവകാശങ്ങൾക്കും ഒഴിവ്.</u>— ഈ ആക്ടിലുള്ള യാതൊന്നുംതന്നെ ഈ ആക്ട് നടപ്പിൽ വരുന്ന തീയതിക്ക് ഏതെങ്കിലും സ്ഥാപനത്തിനു സംബന്ധിക്കുന്ന മറെറതെങ്കിലും നിയമമൊ കരാറൊ ആചാരമൊ കീഴ്നടപ്പോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനത്തിലെ മുതലാളിക്കും തൊഴിലാളിക്കും ബാധകമായ ഏതെങ്കിലും തീർപ്പോ, ഒത്തുതീർപ്പോ, ഉടമ്പടിയോ പ്രകാരം, അങ്ങനെയുള്ള സ്ഥാപനത്തിലെ ഒരു തൊഴിലാളിക്ക് അവകാശമുള്ള യാതൊരു അവകാശങ്ങളേയോ പ്രത്യേകാവകാശങ്ങളെയോ, അങ്ങനെയുള്ള അവകാശങ്ങളോ പ്രത്യേകാവകാശങ്ങളോ ഈ ആക്ട് പ്രകാരം അയാൾക്കവകാശമുണ്ടാകുമായിരുന്നവയേക്കാൾ കൂടുതൽ അനുകൂലമാണെങ്കിൽ ബാധിക്കുന്നതല്ല.

32. <u>നഷ്ടോത്തരവാദം.</u>—ഈ ആക്ട് പ്രകാരം ഉത്തമവിശ്വാസമായി ചെയ്തതോ ചെയ്യാൻ ഉദ്ദിഷ്ടമായതൊ ആയ യാതൊരു കാര്യത്തിനും യാതൊരാൾക്കെതിരായി യാതൊരു വ്യവഹാരമൊ, ശിക്ഷാനടപടിയോ, മററു നിയമാനുസൃത നടപടിയൊ ബോധിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു.

33. <u>അധികാരങ്ങൾ ഏല്പിച്ചുകൊടുക്കൽ.</u>— (1) ഗവണ്മെൻറിന്, 34-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള അധികാരമൊഴികെ, ഈ ആക്ടിനാലോ ആക്ട് പ്രകാരമോ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ അധികാരങ്ങളും അഥവാ ഏതെങ്കിലും അധികാരം പരസ്യത്തിൽ പ്രത്യേകിച്ചു പറയാവുന്ന നിയന്ത്രണങ്ങളും നിശ്ചയങ്ങളും വല്ലതുമുണ്ടെങ്കിൽ അവയ്ക്കു വിധേയമായി, വിന്വി

യോഗിക്കാൻ തങ്ങളുടെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെയോ അധികാരസ്ഥനെയോ ഗസററിൽ പരസ്യംമൂലം അധികാരപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏല്പിച്ചുകൊടുക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുന്നതു്, ഗവണ്മെൻറിൻെറയോ ആ ആവശ്യത്തിലേയ്ക്കു് അവർ അധികാരപ്പെടുത്താവുന്ന ആളുകളുടെയോ നിയന്ത്രണത്തിനും പുനഃശോധനയ്ക്കും വിധേയമായിരിക്കേണ്ടതാണ്; അപ്രകാരം അധികൃതനായ ആരുടെ എങ്കിലും പ്രവൃത്തികളോ നടപടികളോ നിയന്ത്രിക്കുന്നതിനും പുനഃശോധിക്കുന്നതിനുമുള്ള അധികാരവും ഗവണ്മെൻറിനു് ഉണ്ടായിരിക്കുന്നതാകുന്നു.

34. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെൻറിനു് ഗസററിൽ പരസ്യംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു് ഭംഗം കൂടാതെയും, (1)-ാം ഉപവകുപ്പുപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങളിൽ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവയ്ക്കു് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പുപ്രകാരം ചട്ടങ്ങളുണ്ടാക്കുമ്പോൾ, ചട്ടങ്ങൾ ലംഘിച്ചാൽ അമ്പതു രൂപയോളം പിഴശിക്ഷ നൽകേണ്ടതാണെന്നു് ഗവണ്മെൻറിനു് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു് ഈ വകുപ്പുമൂലം നൽകപ്പെട്ട അധികാരം, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷമേ ചട്ടങ്ങൾ ഉണ്ടാക്കാവു എന്ന നിശ്ചയത്തിനു വിധേയമായിരിക്കുന്നതാണ്.

(5) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പതിന്നാലു് ദിവസത്തിൽ കുറയാതെ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതും, അവ അങ്ങനെ വയ്ക്കപ്പെടുന്ന യോഗത്തിലൊ തൊട്ടടുത്തു വരുന്ന യോഗത്തിലൊ നിയമസഭ വരുത്താവുന്ന ഭേദഗതിക്കു് വിധേയമായിരിക്കുന്നതുമാണ്.

35. മേളകൾ, ഉത്സവങ്ങൾ എന്നീ സന്ദർഭങ്ങളിൽ ആക്ടിലെ വ്യവസ്ഥകൾ നിറുത്തിവയ്ക്കുന്നതിനു് ഗവണ്മെൻറിനുള്ള അധികാരം.—മേളയോ ഉത്സവമോ സംബന്ധിച്ച ഏതെങ്കിലും പ്രത്യേകാവസരത്തിലോ, തുടർച്ചയായ പൊതു ഒഴിവുദിവസകാലത്തോ ഗവണ്മെൻറിനു്, ഗസററിൽ പരസ്യംമൂലം ഈ ആക്ടിലെ എല്ലാ വ്യവസ്ഥകളുടേയും അഥവാ ഏതെങ്കിലും വ്യവസ്ഥയുടെ പ്രവർത്തനം ഒരു പ്രത്യേക കാലത്തേയ്ക്കു് നിറുത്തിവയ്ക്കാവുന്നതാണ്.

36. ചില നിയമങ്ങൾ റദ്ദാക്കൽ.— ഏതെങ്കിലും പ്രദേശത്തു് ഈ ആക്ററ് നടപ്പായിവരുന്ന തീയതിക്കും തീയതി മുതല്ക്കും, പട്ടികയിൽ പറഞ്ഞ നിയമങ്ങൾ, അവ അങ്ങനെയുള്ള പ്രദേശത്തിനു സംബന്ധിക്കുന്നിടത്തോളം, റദ്ദാക്കപ്പെട്ടിരിക്കുന്നതാണ്:

എന്നാൽ മേല്പറഞ്ഞ നിയമങ്ങൾ പ്രകാരം ചെയ്തതും ഈ ആക്ററ് നടപ്പിലിരുന്നെങ്കിൽ അതുപ്രകാരം ചെയ്യാമായിരുന്നതുമായ ഏതൊരു കാര്യവും ഈ ആക്ററ് പ്രകാരം ചെയ്തതായികരുതേണ്ടതാകുന്നു.

## പട്ടിക.

1. 1942-ലെ പ്രതിവാര പ്രവൃത്തിയൊഴിവുദിവസ ആക്ററ് (1942-ലെ 18-ാം കേന്ദ്ര ആക്ററ്).

2. ഷാപ്പുകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച 1125-ലെ തിരുവിതാംകൂർ-കൊച്ചി ആക്ററ് (1125-ലെ 9-ാം ആക്ററ്).

3. 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്റ്റ് 5 (2)-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയുമായി സംബന്ധിക്കുന്നിടത്തോളം, ഷാപ്പുകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച 1947-ലെ മദിരാശി ആക്റ്റ് (1947-ലെ 36-ാം മദിരാശി ആക്റ്റ്).

(A true translation)

P. DAMODARAN NAIR,
*Head Translator to Government.*